# ഗ്രാമവൃക്ഷത്തിലെ

# കുയിൽ.

---

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akadem

# ഗ്രാമവൃക്ഷത്തിലെ
# കുയിൽ.

---

എൻ. കുമാരൻ ആശാൻ.

---

ശാരദാബുക്ക് ഡിപ്പൊ.
തിരുവനന്തപുരം.

---

പകൎപ്പവകാശം.

---

*All rights Reserved.*] [ കാപ്പി ൧൦൦൦.

---

"ആനന്ദപ്രസ്സ്"—തിരുവനന്തപുരം.
1918.

Digitized By Kerala Sahitya Akadem

# മുഖവുര.

സത്യസന്ധവും ധൎമ്മനിരതവുമായ അന്തഃ
കരണത്തെ, കൃത്യമാൎഗ്ഗങ്ങളിൽ വിഷമിപ്പിക്കുന്ന
ദുൎഗ്ഗതികളുടെ വൎണ്ണനകളാൽ എല്ലാവൎഗ്ഗക്കാരു
ടേയും സാഹിത്യം ഏറക്കുറെ നിബിഡമാണു്.
അനവധി യോഗ്യന്മാരേ ഇന്നും ആവക ദുൎഗ്ഗതി
കൾ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും സ
മ്മതിച്ചേതീരൂ. കാലദേശാവസ്ഥകളനുസരിച്ചു
ആ അനുഭവങ്ങൾക്കു നാനാത്വമുണ്ടെന്നുള്ളതു
ശരിതന്നെ. എന്നാൽ സാധുവായ "ഗ്രാമവൃക്ഷ
ത്തിലെ കുയിലി"ന്റെ അനുഭവവും ആ കോടി
യിൽ പെട്ടതാണു്. അതുകൊണ്ടു് ഇതിലെ ദേ
വദൂതന്റെ സാന്ത്വനങ്ങൾ അങ്ങനേയുള്ള ഏതെ
ങ്കിലും അന്തഃകരണങ്ങൾക്കു അല്പമെങ്കിലും ആ
ശ്വാസം നൽകുമെങ്കിൽ ഈ ചെറിയ കൃതി എ

Digitized By Kerala Sahitya Akadem

ഴുതുന്നതിൽ ഞാൻ ചിലവുചെയ്ത സമയം നിഷ്ഫല മായില്ലെന്നു കരുതാവുന്നതാണ്.

൯൭-മകരം ആദ്യമാണ് ഞാൻ ഈ കൃതി എഴുതാൻ ആരംഭിച്ചതു്. അടുത്ത ഇടവം ൧൦-ാം നു- സഞ്ചാരത്തിൽ വൈക്കത്തു താമസിക്കുമ്പോ ളാണ് അവസാനിപ്പിച്ചതു് വലിയ ആശംസയോടുകൂടി അല്ലെങ്കിലും ഇതിനേയും എന്റെ മററുചില ഖണ്ഡകൃതികളുടെ കൂട്ടത്തിൽ ഗണിച്ചു പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. മഹാജനങ്ങൾ യഥാർഹം ഇതിനേയും സ്വീകരിച്ചു പ്രോത്സാഹിപ്പിക്കുമാറാകേണമെന്നു വിനയപൂർവ്വം അപേക്ഷിക്കുന്നു.

എന്നു്,

എൻ. കുമാരൻ ആശാൻ

കൈതമുക്ക,—തിരുവനന്തപുരം.
൯൮—കന്നി—൨൭.

Digitized By Kerala Sahitya Akadem

# ഗ്രാമ വൃക്ഷത്തിലെ
# കുയിൽ

---

൧

ഉഗ്രവ്രതൻ മുനിവസിക്കുമൊരൂരിൽ മാവി-
ന്നഗ്രത്തിലമ്പിനൊടു പാടിയിരുന്നു നീണാൾ,
കുഗ്രാമജന്തു പരിപീഡ സഹിച്ചു, ചിന്താ-
വ്യഗ്രതമാർന്ന കുയിലോടൊരു ഭൃംഗമോതി.

൨

ഖേദിച്ചിടൊല്ല കളകണ്ഠ! വിയത്തിൽ നോക്കി
രോദിച്ചിടൊല്ല ഋജയേകമതിജ്ജനത്തിൽ
വേദിപ്പതില്ലിവിടെ യുണ്മ തമോവൃതന്മാ;-
രാദിത്യലോക മറിയുന്നിതു നിൻഗുണങ്ങൾ.

൩

അമ്മാമുനിക്കുടയൊ രാശ്രമ വൃക്ഷമെന്നാ-
യിമ്മാവിൽ നീ മമതയൂന്നിയ നാൾതുടങ്ങി

Digitized By Kerala Sahitya Akadem

സമ്മാന്യമായി തത്ര കേൾക്ക സഖേ! പ്രസിദ്ധം;
ചുമ്മാ പഴിപ്പൂ ഉണ്ണിയെക് ഖല രീർഷ്യയാലെ.

൪

വാവായനാൾ ജനമിട്ടും ബലിപിണ്ഡമുണ്ടു
പോവാൻമടിച്ചു ചിലകാക്കകൾ ചെന്നുപററി
ദാവാഗ്നിയേററിട കരിഞ്ഞൊരു കുററിപോലി-
മ്മാവാദ്യമാർന്ന നിലയിന്നു മറന്നു ലോകം.

൫

അമ്പാലലിഞ്ഞൊഴുകിടും സുധയോടിടഞ്ഞ
നിൻപാട്ടു നിത്യമിതുകേട്ടു തളിർത്തുതാനെ
കൊമ്പാർന്നുവീശിയൊരു കാളിമപൂണ്ടു വാച്ചു
വമ്പാർന്നുപൊങ്ങി വിയദാഭ കലർന്നുവല്ലൊ.

൬

ബദ്ധാനുരാഗമിതിൽ നീ കടിവാണമൂലം
ശുദ്ധാത്മാ യിതിനെയോർത്തു ഖഗാന്തരങ്ങൾ
നൽധാമമാക്കി നവശാഖകളെച്ചുവട്ടി-
ലിദ്ധാത്രിയിൽ തണലിൽവാണു; സുഖിച്ചുപാന്ഥർ

Digitized By Kerala Sahitya Akadem

൭

ബാലാരുണൻ കരദലാഗ്ര മണച്ചിതിങ്കൽ
നീലാരുണാഭതളിർ മേലെഴുതുന്ന പോതും
ചേലായ്ക്കറോരരവി പച്ചയിടുന്ന പോതും
നീലാക്കി ലക്രിയതലോലം ലഘുവാക്കി പാട്ടാൽ.

൮

ആപാദചൂഡ മണിവാ നിളമഞ്ഞരത്ത-
വ്യാപാരിയാക മൂത്തമഞ്ജരി കോർത്തിടുമ്പോൾ
ഈ പാദപത്തിൽ മമതാതിശയം വരുത്താൻ
നീ പാട്ടിനാലതിനെയും ഖഗ! പാട്ടിലാക്കി.

൯

മന്ദാനിലൻ ജലധിശീകര മോഹനൻ നിൻ
മന്ദാനവൃത്തി തുടരാനുടനേയണഞ്ഞു,
തന്നാദമസ്സുമസുഗന്ധമൊട്ടും പരത്തി;
യന്നാൾ നടന്നു മലയാചല സാനുതാരം.

൧൦

സാരസ്യമാന്ന ഖഗമേയുട നന്നിനാദം
ദൂരത്തിരുന്ന പികസന്തതി യേററുപാടി,

Digitized By Kerala Sahitya Akadem

തീരാത്ത മാററൊലി ഗുഹാന്തരമാൎന്നു; സിന്ധു-
തീരാന്തരങ്ങൾവരെ യധ്വനിയെത്തിനിന്നു.

൧൭

തേമ്പൂണ്ണുമാ യിതൾവിടൎന്നുളവേ ചുവന്ന
മാമ്പൂക്കൾ തൻമൃദുലപാണ്ഡുരമാം പരാഗം
താമ്പൂണ്ട വെണ്മതിരളും കരിവണ്ടുമില്ലി-
ക്കാമ്പൂതി നൽശ്രുതിപിടിച്ചു നിനക്കു പാട്ടിൽ.

൧൮

ശേഷിച്ചുമോടി പലതും തികവാൻ ശോഭ
പോഷിച്ച മാവിതിൽ മറഞ്ഞുരു ശാഖതോറും
തോഷിച്ചണഞ്ഞു ഭുവനദ്വയ ഭൃതിയോൎത്തു
ഘോഷിച്ചു നീ ബഹു വസന്ത മഹോത്സവങ്ങൾ.

൧൯

സ്കന്ദൻ മയൂരഹയമേറിയടുത്തു, ദേവ-
വൃന്ദത്തൊടൊത്തു വൃഷവാഹനനിങ്ങണഞ്ഞു,
മന്ദം വിപഞ്ചികയെടുത്തു മരാളമേറി
സുന്ദരമോൎത്തു വിധി വല്ലഭ പോലുമെത്തി.

Digitized By Kerala Sahitya Akadem

൰൪

പൂവീണുകീഴ് പരവതാനിവിരിച്ചു, ശാഖ
മേൽവീശിവാച്ചൊരതി സൌരഭ മണ്ഡപത്തിൽ
മേവിസ്സുഖത്തൊടവർ നിൻശ്രുതി യജ്ഞമെന്നും
സേവിച്ചു;—ദേവതകളുത്സവ സക്തരല്ലൊ.

൰൫

കണ്ണുററ കൌതുകമൊടൊത്തു തുറന്നുനല്ല
വിണ്ണുന്ന മന്മുഖമിയന്നു മനുഷ്യർനോക്കി,
എണ്ണുന്നതിന്നു കഴിയാത്ത വിധത്തിലാണും—
പെണ്ണും നിരന്നു സുരരൊത്തു മഹോത്സവത്തിൽ.

൰൬

വേഷത്തിലന്നിവരിയന്ന വെടിപ്പു, മോത്തും
ഭാഷയ്ക്കുഴന്ന പരിശുദ്ധിയുമൊക്കെയോർത്തും,
ദോഷം പെടാതിവരിലുള്ള നടത്തകണ്ടും
തോഷം കലന്നമരരേകി യനുഗ്രഹങ്ങൾ.

൰൭

സാമ്പക്കമിങ്ങിനെ ലഭിച്ചനുകമ്പയേറു—
മമ്പുക്കു മർത്ത്യരൊടു മൈത്രി ദൃഢീഭവിച്ചു,

Digitized By Kerala Sahitya Akadem

സമ്പൽ സമൃദ്ധിയവരേകിയതും,വിപത്തിൻ
വമ്പസ്തമിച്ചതുമിവൾക്കു മറന്നുകൂടാ.

൮

എന്നല്ല മർത്ത്യരുടെ ദുസ്ഥിതിയെക്കുറിച്ചു
ചെന്നസ്സുധർമ്മയിലമർത്ത്യർ നടത്തിവാദം;
അന്നന്നതമ്പൊടു ദിവസ്പതി കേട്ടലിഞ്ഞി;–
തെന്നല്ല ഭാവിശുഭഹേതുവുമായതെല്ലാം.

൯

ആതങ്കമററിവർ വിളങ്ങുവതന്യജന്തു
വ്രാതങ്ങൾ കണ്ടതുകൾകൂട്ടി മഹങ്ങൾ വേറെ;
സ്വാതന്ത്ര്യസൌഖ്യവു മവററകൊതിച്ചു സൌമ്യ;
നീതന്നെപാർക്കിൽ വഴികാട്ടിയതിങ്ങവർക്കും.

൧൦

പിന്നെ പ്ഫലപ്രസവകാല മിയന്നമാവിൽ
നിന്നെത്ത്യജിച്ചുടനെ വാകയിൽ വണ്ടുപോയി;
തന്നെക്കുറിച്ചുമൊരു ചിന്തയെഴാതഹോ നീ
മുന്നെക്കണക്കതിലിരുന്നിതു മൂളിമൂളി.

Digitized By Kerala Sahitya Akadem

൨൧

സ്പഷ്ടം ദുരാഗ്രഹികളങ്ങമൃതല്ലൊ മാവി-
ലിഷ്ടം ഭവാന്റെ ഫലകാമ നിമിത്തമെന്നായ്
കഷ്ടം! നിനച്ചിതുലകിൽ പുതുതല്ല ഭദ്ര!
ശിഷ്ടന്റെ ശിഷ്ടതയിൽ ദുഷ്ടനു ദോഷബുദ്ധി.

൨൨

ശുഷ്കാന്തിയിൽ പരഹിതവ്രതനാം ഭവാന്റെ
നിഷ്കാസനത്തിനിവരിൽ ചിലർ ചെയ്തുയത്നം
നിഷ്കാമ കർമ്മപടുവിൻ നിലയെക്കുറിച്ചു
ശുഷ്കാന്തരംഗരറിയാത്തതു ശോച്യമല്ല.

൨൩

കണ്ണുപ്രമോദകര ചിറ്റെയുലഞ്ഞു പച്ച-
പ്പണ്ണുങ്ങളാം ചിറകിയിന്ന പഴങ്ങൾ മാവിൽ
സ്വർണ്ണപ്രഭാ ശബളരക്തിമയാൽ കഴുത്തിൽ
വർണ്ണം തെളിഞ്ഞശ്ശുകപംക്തികൾ പോലെതൂങ്ങി.

൨൪

കണ്ടോയവസ്ഥ കൃപണർക്കുടെ നിന്ദ്രിയങ്ങൾ
ത്തിണ്ടാടി പൂനിഴലിലെ ശ്ശലഭങ്ങൾപോലെ;

Digitized By Kerala Sahitya Akadem

വേണ്ടാസനങ്ങൾ ഫലിയാതെ യവക്കുവൈരം
നീണ്ടാത്തുപിന്നെനിധിനാഗമൊടൊത്തനിന്നിൽ.

൨൫

കാകൻമുതൻ പകലാക്രമണം നടത്താൻ
ആകണ്ടവന്ന കടവാതിൽ കവച്ചു ചെയ്യാൻ
മാകന്ദശാഖയി ലടിക്കടി യൊച്ചകൂട്ടി-
നീ കല്യ രാപ്പകൽ വസിച്ചിതിവറാ തോറവ.

൨൬

അത്യന്തമീഷ്യയൊട്ട മിഞ്ജുളരോപ്പിതാ നിൻ
സ്ഥത്യഹ്രതികര മിസ്സഹകാരമെന്നായ്
സത്യം സധർമ്മമിവരണ്ടിലുമുള്ളനിന്റെ
നിത്യപ്രതിഷ്ഠയരുളുന്ന നിനക്കശക്തി.

൨൭

ഗോത്രപ്രവൃദ്ധ മുനിതൻപുകൾ നാട്ടിൽ നാട്ടും
ഛത്ര വ്രജത്തിനു സുഖസ്ഥിതി ചേക്കുവാനും
പാത്രതമോത്തു പരമേശ പദാച്ചനയ്ക്കും
മാത്രംകൊടുത്തു ഫലഭാരമതാരസാലം.

Digitized By Kerala Sahitya Akadem

൨൮

സ്വൈരം പ്രസൂതി കൃശയായൊരു സാദ്ധ്വിയോടും
പാരംകറന്നകിട്ടുവററിയ ധേനുവോടും
സ്വാരസ്യമൊത്തുപമതേടിയ മാവു പക്വ
ഭാരംക്ഷയിച്ചുടൽ ചടയ്ക്കുകിലും വിളങ്ങി.

൨൯

പ്രവാസമാക്കുമതി ദുസ്സഹമാക്കിവായ്ക്കും
ദേവാസുരാഹവ വിപത്തിലുഴന്നുമിപ്പോൾ
ദാവാഗ്നിയേററു വരളും ചുടുകാററടിച്ചും
മാവാർത്തിപൂണ്ടില പൊഴിഞ്ഞു വലഞ്ഞുനിൽപൂ.

൩൦

ചൂതത്തെയിന്നെടിയവേഴ്ച നിനച്ചുക്രൂരാ-
ന്നാതങ്കകാലമിതിലും വെടിയാത്തനിന്നെ
ചേതസ്സിൽവച്ചവിരതം സ്ഥിരശീലർവാഴ്ത്തു-
മാതത്വമിസ്സുരജനം നിനയാതരിപ്പൂ.

൩൧

നീരാവി പൊങ്ങുവതുകണ്ടു നഭസ്സരസ്സിൽ
ധാരാധരാഖ്യ ജലനീലി പരക്കുമെന്നും,

Digitized By Kerala Sahitya Akadem

ധാരളമായിടിമുഴങ്ങി നിലത്തിൽ മാക്രി
യാരാവമിട്ടു മഴപെയ്തു തുടങ്ങുമെന്നും,

൩൨.

പാഴായിടാതെ വരുണസ്തുതി പാടിയെത്തും
വേഴാമ്പലിൻ ശ്രുതിമുഴങ്ങിയ ശീതവായു
നന്മാവിൽ മാരിയൊടടിച്ചതു ശാഖയാട്ടി
യുന്മാദതാണ്ഡവമൊടാർത്തു കളിക്കുമെന്നും,

൩൩

എന്നല്ലിവണ്ണമൃതുചക്ര ദളങ്ങളോരോ-
ന്നൊന്നംതിരിഞ്ഞുവരുമേറ വസന്തമെത്തും,
അന്നന്നുപൂക്കുമിനിയും ഫലമേന്തു മാമ്ര-
മെന്നും സ്വയം സ്ഥിരചരിത്ര ഭവാൻ നിനപ്പൂ.

൩൪

"നീമൂളി വാഴവതിനാൽ മുടിയുന്നു ഭൂമി,
യാമൂലമിത്തരുപട്ടുന്നിതു കേട്ടുതട്ടി"
ഹാമൂർഖരിങ്ങിനെ പഴിപ്പിതു;- ദുർജ്ജനത്തിൻ
വാമൂടുവാൻ പണി—യതോർത്തു വലഞ്ഞുതാൻ [illegible]ി.

Digitized By Kerala Sahitya Akadem

൩൫

വേഷം മറച്ചു പലടത്തുമഹോ നടന്നി
പ്പാഷണ്ഡധരീശഭയവും നയവും പെടാത്തോർ,
രോഷംമുഴുത്തുവെറുതേ രുചിപോലെ നിന്നിൽ
ദോഷംചുമത്തി യപവാദ ശതങ്ങൾ ചൊൽവൂ.

൩൬

അന്യന്റെ താളഗതിയെ ഗ്ഗണിയാതെപാടും
വന്യൻ വനപ്രിയനിവൻ, സ്വരഹീനകണ്ഠൻ,
മാന്യത്വമേറിയ മഹർഷിയെ മാനിയാത്ത
ശൂന്യശ്രമാത്തനിവ നിങ്ങിനെയെന്നുവേണ്ട

൩൭

ശൃംഗാരഗായകനിവൻ ജഡനെന്നൊരുത്തൻ;
തുംഗാഭിമാനി ശിഖരസ്ഥിതനെന്നൊരുത്തൻ;
ഭൃംഗാഭപല്ലവ പടച്ച്വര നന്യഗേഹ-
സംഗാത്തദോഷനതി പാംസുലനെന്നൊരുത്തൻ.

൩൮

ഈ വണ്ണമന്യ പരിഹാസ വിമർദ്ദമേററു
ധാവള്യമേറിയ ഭവൽ ഗ്ഗുണമുജ്ജ്വലിക്കും;

Digitized By Kerala Sahitya Akadem

ദൈവം പരന്റെ നുണ കേൾക്കുകയില്ല; സൌമ്യം
കൈവന്നിടും ശുഭവിഭൂതി നിനക്കുമെന്നാൽ.

൩൯

ഖേദാംശമിപ്പരിഷ ചൊൽവൊരു ദോഷമുള്ളി-
ലെശാത്ത ശുദ്ധ ഹൃദയാബ്ജമഴിഞ്ഞുപാടി,
ആശാന്തരിക്ഷ ജലദഗ്രഹ താരചക്ര-
മീശാംഘ്രി രാഗമൊടു പാർത്തിരമിപ്പവൻ നീ!.

൪൦

സ്വാരാജ്യ സീമകളെ നിർമ്മല രാഗവീചീ
ധാരാർദ്രമാക്കുമൊരു നിൻ കളഘോഷഗീതം
ആരാദ്ധ്യരായ വിഹതേന്ദ്രിയരാം സുരന്മാ-
രാരാൽ ശ്രവിച്ചു പുളകോദ്ഗമമാവഹിപ്പൂ.

൪൧

വാദാന്തരത്തിൽ വിധിഗേഹമിയന്നനിൻ ഹൃൽ-
ഖേദാപഹാരി ഗളകാകളിയാൽ ലഭിപ്പൂ
നാദാനുസന്ധി പരയോഗി സമാധി സൌഖ്യം,
വേദാന്തിയഭയ ചിദേകരസാവഗാഹം.

Digitized By Kerala Sahitya Akadem

൪൫

കണ്ഠത്തിനുള്ളൊരു വിശുദ്ധിയെ വെന്നെഴും നിൻ
കണ്ഠസ്ഥമററ പരിഭാസുര വൃത്തസരോജം
കണ്ണമ്പിലായതു സഖേ! പാദപീഠമാക്കാ-
നണ്ണന്തരംഗമതിലാശ മഹേശനിപ്പോൾ.

൪൬

എന്താണിതിൽ പരമൊരാൾക്കു വരേണ്ട് ഭാഗ്യ-
മെന്താണു ധന്യതയിതിൽ പരമിജ്ജഗത്തിൽ;
സന്തപ്തനാകൊല വൃഥാ ഖഗ,—ഹന്ത! ഭുവിൽ
സ്വാന്തപ്രഭാവ മറിയാതുഴലുന്നു ദേഹി.

൪൭

പോകാം ഭവാനിവിടെനിന്നിനി;യിമ്മഹാത്മം
ശോകാർഹമല്ല; മുനിയിസ്സദനം വെടിഞ്ഞു;
പാകാഢ്യമായിതു തപസ്സുഗ്രമല്ലയേച്ഛി-
ല്ലേകാന്ത സക്തിയൊരു വസ്തുവിലും മഹാന്മാർ.

൪൮

മാനവ്യതീതദയയും സ്വയമാൻ നിന്നി-
ലാനന്ദധാമപതി ധർമ്മരഹസ്യഗോപ്താ;

Digitized By Kerala Sahitya Akadem

ദീനത്വമേതുമിനിവേണ്ട സഖേ! ധരിക്ക;
ഞാനസ്സ്വരാട്ടിനുടെദൂതനനിന്ദ്യനെന്നും.

൪൩

മതികലുഷത മാറീട്ടാത്മ സമ്മൎദ്ദനത്താൽ
സ്മൃതിപുടികയിൽനിന്നും പൂൎവ്വബോധംകണക്കെ
ദ്യുതിചിതറിവെളിപ്പെട്ടൊട്ടു നിന്നുജ്ജ്വ ലോക– [ൻ
ഞ്ഞതിമഹിതനവൻ പിന്നല്ലുപോൽ പോയ്മറഞ്ഞാ

൪൧

ചിത്താനന്ദം കലൎന്നക്കയിലുടനെ ഖല–
ന്മാരിൽ നിന്നേതു മാപ–
ത്തെത്താസ്ഥാനും ശന്മാരവരപ്രകൃതിയാൽ
പാപമേലായ്കുവാനും
സത്താകുംമാൎഗ്ഗമെന്നായ "പഴയവസതികൈ–
വിട്ടു പൊങ്ങിപ്പറന്നി–
ട്ടത്താലോദ്യാനമന്നാൎന്നിതുപുരജനതാ–
കണ്ണു പൂഞ്ഞ്ചാൽ കരത്താൽ.

ശുഭം.

Digitized By Kerala Sahitya Akadem

# വില്പാൻ തയ്യാർ.

---

## എൻ. കുമാരൻ ആശാന്റെ കൃതികൾ.

---

| | ക. | ണ. | പ. |
|---|---|---|---|
| നളിനി | 0 | 6 | |
| ലീല | 0 | 10 | |
| രണ്ടു ഖണ്ഡകൃതികൾ | 0 | 3 | |
| വീണപൂവു് മൂലം മാത്രം | 0 | 0 | |
| ശ്രീബുദ്ധചരിതം കിളിപ്പാട്ടു് | | | |
| ൧-ം ൨-ം ഭാഗങ്ങൾ | 0 | 8 | |
| ടി ൩-ം ൪-ാം ഭാഗങ്ങൾ. | 0 | 12 | |
| ബാലരാമായണം ബാലകാണ്ഡം | 0 | 4 | |
| രാജയോഗം പൂർവ്വഭാഗം | 1 | 0 | |
| ടി ഉത്തരഭാഗം | 1 | 4 | |
| രാജയോഗം സമ്പൂർണ്ണം (മുഴുക്യാലിക്കൊ) | 2 | 8 | |
| ഗ്രാമവൃക്ഷത്തിലെ കുയിൽ | 0 | 1 | |

ശാരദാ ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

Digitized By Kerala Sahitya Akadem